DESPATCHED
On..9.1.6.2020
25.2.2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2248*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **16701**/*എസ്.ഐ.സി-ജി 6/19*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.സുനിൽകുമാർ ഒ.ബി.,
രാജസൂയം, മഠത്തിങ്കൽക്കര,
മലയിൻകീഴ് പി.ഒ., തിരുവനന്തപുരം. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പ്രിൻസിപ്പാൾ (ഹയർ സെക്കന്ററി വിദ്യാഭ്യാസം),
ബി.എൻ.വി. & എച്ച്.എസ്സ്.എസ്സ്,
തിരുവല്ലം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഹയർ സെക്കന്ററി വിദ്യാഭ്യാസം,
തിരുവനന്തപുരം. } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.05.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.08.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.10.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സുനിൽ കുമാർ ഒ.ബി.,

17.10.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 18.10.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2248(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് സർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി ഹർജിക്കാരന് വിവരങ്ങൾ നൽകുന്നതിനായി എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടും യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ഇപ്രകാരം വിവരാവകാശ നിയമലംഘനം നടത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.05.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 17.06.2019ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 21.06.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 09.08.2019ന് മറുപടി നൽകിയതായും കാണുന്നു.

4. 26.11.2019ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിരുന്നുവെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട പരാതിയുടെ പകർപ്പ് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല എന്ന മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയിരുന്നതെന്നും ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ഉന്നയിച്ചിരിക്കുന്ന പരാതി സ്കൂൾ ആഭ്യന്തര കാര്യമായിട്ടാണ് പരിഗണിച്ചതെന്ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയെന്നുമാണ്. ടിയാന്റെ അപ്പീൽ പരിഗണിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും കൂടാതെ ടി വിവരം അറിയിക്കണമെന്നും അറിയിച്ചിരുന്നുവെന്നുമാണ്. എന്നാൽ ടിയാന്റെ അപേക്ഷയിൽ പ്രതിപാദിച്ചിരുന്ന സ്കൂൾ മാനേജർക്ക് അദ്ധ്യാപകർ നൽകിയതായി പറയുന്ന പരാതി തികച്ചും സ്കൂളിന്റെ ആഭ്യന്തര കാര്യമായി പരിഗണിച്ചാണെന്നും ആയതിന്റെ പകർപ്പ് നൽകാൻ സാധിക്കുകയില്ല എന്നും ഒന്നാം എതിർകക്ഷി കത്ത് ലഭ്യമായിക്കിയിട്ടുണ്ടെന്നുമാണ്. കൂടാതെ എസ്.പി.ഐ.ഒ.യുടെ നിയന്ത്രണത്തിലുള്ള രേഖകൾ തരംതിരിച്ച് സൂക്ഷിക്കുന്നതിൽ ടിയാന് വീഴ്ച സംഭവിച്ചതായി അപ്പീൽ അധികാരി വിലയിരുത്തിയിട്ടുണ്ട്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയില്ലെന്നും അപ്പീൽ അധികാരി ഉത്തവായിട്ടും ലഭ്യമായിട്ടില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന് ഓഫീസിൽ ലഭ്യമായ വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നാണ്. എന്നാൽ ഒന്നാം എതിർകക്ഷി അപ്പീൽ അധികാരിയുടെ നിർദ്ദേശം പാലിച്ചിട്ടില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ മാനേജർക്ക് ഒരു കത്തുനൽകിയശേഷം പ്രസ്തുത പരാതിയുടെ ഒരു പകർപ്പ് വാങ്ങി ഹർജിക്കാരന് അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ ഒന്നാം എതികക്ഷിയ്ക്ക് നിർദ്ദേശം നൽകിയതനുസരിച്ച് 05.02.2020ന് സ്കൂൾ മാനേജരുടെ പക്കൽ നിന്നും വാങ്ങിയ കത്തു സഹിതം റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 25-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM